VM ARCHITECTS
architecture + interiors

3rd Floor , 5/3403 C40 (3) , Space Mall , Jafferkhan Colony Road,calicut 673004 , Kerala - India
info@vmarchitects.net + 91 96 33 822 771 , 0495- 272 8771 www.vmarchitects.net

No.1197/1, 3rd floor(paratha plaza),22nd cross,HSR club road,Sector-3 , HSR layout,Bangalore- 560102
info.bangalore@vmarchitects.net + 91 96 33 82 27 71 | + 91 81 97 15 96 79 | 080 437 554 08
www.vmarchitects.net





ARCHITECTS SHOWCASE

# ഗൃഹപാഠം

ഭരിത പ്രതാപ്

ആർക്കിടെക്റ്റ് വിനയ് മോഹൻ സ്വന്തം അഭിരുചിക്കനുസരിച്ച് ഡിസൈൻ ചെയ്തൊരുക്കിയ ഈ വീടാണ് ഇദ്ദേഹത്തിന്റെ കരിയറിലെ ആദ്യ ഗൃഹപാഠം. സ്ഥിരം കണ്ടുമടുത്ത ഡിസൈനിൽ നിന്നും മാറി നിൽക്കുന്നതാണ് ഈ പാർപ്പിടത്തിന്റെ രൂപകൽപ്പന. പുറം ചുമരുകളുടെ പൊളിച്ചെഴുത്താണ് ഈ വീടിനെ ഏറ്റവും കൂടുതൽ ആകർഷണീയമാക്കുന്നത്.





ഒരു ചെയ്ഞ്ച് ആരാണ് ഇഷ്ടപ്പെടാത്തത് വീടിനെക്കുറിച്ചുള്ള സ്വപ്നങ്ങളെല്ലാം ആർക്കിടെക്റ്റായ തന്റെ മകൻ വിനയ് മോഹന്റെ ഭാവനയ്ക്ക് വിട്ടുകൊടുത്തു കൊണ്ട് വിസ്മയകരമായ ഒരു നിർമ്മിതിയ്ക്ക് സാക്ഷിയാകുകയാണ് എഞ്ചിനീയർ കൂടിയായ മോഹനനും കുടുംബവും. ആർക്കിടെക്റ്റ് വിനയ് മോഹൻ സ്വന്തം അഭിരുചിക്കനുസരിച്ച് ഡിസൈൻ ചെയ്തൊരുക്കിയ ഈ വീടാണ് ഇദ്ദേഹത്തിന്റെ കരിയറിലെ ആദ്യ ഗൃഹപാഠം.

സ്ഥിരം കണ്ടുമടുത്ത ഡിസൈനിൽ നിന്നും മാറിനിൽക്കുന്നതാണ് ഈ പാർപ്പിടത്തിന്റെ രൂപകൽപ്പന. പുറം ചുമരുകളുടെ പൊളിച്ചെഴുത്താണ് ഈ വീടിനെ ഏറ്റവും കൂടുതൽ ആകർഷണീയമാക്കുന്നത്. ചെന്നൈയിലെ സത്യഭാമ ഡീംഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ബി. ആർക്ക് കരസ്ഥമാക്കിയതിന് ശേഷം ആർക്കിടെക്റ്റ് വിനയ് മോഹൻ തന്റെ കഴിവ് തെളിയിച്ച ആദ്യ പ്രോജക്റ്റാണ് കോഴിക്കോട് വടകരയിലുള്ള ഈ വീട്.

## എക്സ്റ്റീരിയറിന്റെ പുതിയമുഖം

പ്ലാസ്റ്ററിങ്ങിന്റെ പ്രത്യേകതകൊണ്ട് എക്സ്റ്റീരിയറിന്റെ വേറിട്ടൊരു മുഖം നൽകിയിരിക്കുകയാണ് ആർക്കിടെക്റ്റ് ഇവിടെ. പുറം ചുവരുകൾക്ക് ആകമാനം പ്ലാസ്റ്ററിങ്ങും വാൾക്ലാഡിങ്ങുമാണ് ചെയ്തിരിക്കുന്നത്. പ്ലാസ്റ്ററിങ്ങിന്റെ നിറത്തിനോട് ചേർന്നുനിൽക്കുന്ന നിറം തന്നെയാണ് വാൾക്ലാഡിങ്ങിനും ഉപയോഗിച്ചത്. പെട്ടെന്ന് കണ്ണുകളെ പിടിച്ചെടുക്കാതെ പ്രകൃതിയുമായി ലയിച്ചുനിൽക്കുന്ന രീതിയിലാണ് വീടിന്റെ നിറഭേദം.


എക്സ്റ്റീരിയറിൽ നിന്നും തികച്ചും വിഭിന്നമാണ് ഇന്റീരിയർ. നാച്വറൽ ലൈറ്റുകളുടെ ലഭ്യതകൊണ്ട് പ്രകാശപൂരിതമാണ് അകത്തളത്തിലെ ഓരോ ഭാഗവും അതിനൊപ്പം അൽപ്പം വർണ്ണപൊലിമ കൂടിയായപ്പോൾ അകത്തളത്തിൽ പ്രകാശവിരുന്നൊരുക്കിയതുപോലെയായി.

**ആർക്കിടെക്റ്റ് വിനയ് മോഹൻ**
വി.എം ആർക്കിടെക്റ്റ്സ്, 3-ഫ്ളോർ, 5/3403 സി 40(3)
സ്പേസ് മാൾ, ജാഫർഖാൻ കോളനി റോഡ്, കോഴിക്കോട്
ഫോൺ:9633822771, ഇ-മെയിൽ : info@vmarchitects.net



ക്ലൈന്റ് : മോഹനൻ
ലൊക്കേഷൻ : വടകര, കോഴിക്കോട്





### പ്ലോട്ടിന്റെ ഘടനയ്ക്കൊത്ത്

പത്ത് സെന്റുള്ള പ്ലോട്ട് ഒരേ നിരപ്പിലല്ല എന്നതും ഒരു പരിമിതിയാണ്. റോഡ് നിരപ്പിൽ നിന്നും 3 മീറ്റർ ഉയരത്തിലാണ് പ്ലോട്ടിന്റെ സ്ഥാനം. വീട് പണിയുന്നതിനേക്കുറിച്ച് ആലോചിച്ചപ്പോഴേ അടിത്തട്ട് കാർപാർക്കിങ്ങ് ഏരിയായ്ക്കായി മാറ്റി വയ്ക്കാൻ തീരുമാനിച്ചിരുന്നു. 3 കാറുകൾ ഒരുമിച്ച് പാർക്കുചെയ്യാനുള്ള സ്ഥലസൗകര്യം ഇപ്പോൾ ഇവിടെയുണ്ട്. താഴെനിന്നും നൽകിയിട്ടുള്ള സ്റ്റെപ്പുകളാണ് ഏവരേയും മുകളിലേക്ക് ആനയിക്കുന്നത്.

സ്റ്റെപ്പുകളിലൂടെ മുകളിലേക്കെത്തുന്നിടം ലാൻഡ്സ്കേപ്പിന്റെ മനോഹാരിത തിങ്ങിനിൽക്കുകയാണ്. പാറയിൽ ചവിട്ടുന്ന അനുഭവം നൽകുന്ന കാലാസ്റ്റോൺ പതിപ്പിച്ച് ഏരിയ

**സ്റ്റെപ്പുകളിലൂടെ മുകളിലേക്കെത്തുന്നിടം ലാൻഡ്സ്കേപ്പിന്റെ മനോഹാരിത തിങ്ങിനിൽക്കുകയാണ്. പാറയിൽ ചവിട്ടുന്ന അനുഭവം നൽകുന്ന കാലാസ്റ്റോൺ പതിപ്പിച്ച് ഏരിയ കൂടുതൽ ആകർഷകമാക്കി മാറ്റിയിരിക്കുന്നു. കയറിച്ചെല്ലുന്ന സിറ്റൗട്ടിന് പർഗോള നൽകി ഗ്ലാസ് വിരിച്ചിരിക്കുന്നത് ഈ വീടിന്റെ ഡിസൈനിനെ കൂടുതൽ കാലിക പ്രസക്തിയുള്ളതാക്കി മാറ്റുന്നു**







**ആദ്യനിർമ്മിതികൊണ്ട് തന്നെ കരിയറിലെ വിജയമുറപ്പിച്ച ആർക്കിടെക്റ്റ് വിനയ് മോഹന് തന്നെ സമീപിക്കുന്ന ക്ലൈന്റുകൾക്ക് തുറന്നുകാട്ടാവുന്ന മികച്ച പ്രൊജക്റ്റുകളിൽ ഒന്നാണ് സ്വന്തം വീട്**

കൂടുതൽ ആകർഷകമാക്കി മാറ്റിയിരിക്കുന്നു. കയറിച്ചെല്ലുന്ന സിറ്റൗട്ടിന് പർഗോള നൽകി ഗ്ലാസ് വിരിച്ചിരിക്കുന്നത് ഈ വീടിന്റെ ഡിസൈനിനെ കൂടുതൽ കാലിക പ്രസക്തിയുള്ളതാക്കി മാറ്റുന്നു.

### അതിഥിദേവോ ഭവ:

അതിഥികളെ ആനയിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ഗസ്റ്റ് ലിവിങ്ങ് ഏരിയയുണ്ട്. ഇവിടെ അലങ്കാരവസ്തുക്കൾ വളരെ ഒതുക്കത്തോടെയാണ് അലങ്കരിച്ചിരിക്കുന്നത്. ബ്ലാക്ക് നിറത്തിലുള്ള എൽ ഷേയ്പ്പ് സോഫാ സെറ്റാണ് ഇവിടെ നൽകിയത്. വെളുത്തചായം പൂശി അലങ്കരിച്ചിരിക്കുന്ന ചുമരുകളിൽ പ്രത്യേക പ്രൊജക്ഷൻ ഷോകേസുകൾ നൽകി ഈ റൂമിനെ കൂടുതൽ മിഴിവുറ്റതാക്കി. വിട്രിഫൈഡ് ടൈലുകളുപയോഗിച്ചാണ് മുറിയിൽ ഫ്ളോറിങ്ങ് ചെയ്തിരിക്കുന്നത്. സിറ്റിങ്ങിനോട് ചേർന്ന് മുറിയുടെ മധ്യഭാഗത്തായി തറയിൽ കോൺക്രീറ്റ് കട്ട് ചെയ്ത് ഗ്ലാസ് ഇട്ടിരിക്കുന്നു. ഇത് താഴത്തെ നിലയിലേക്കുള്ള ഒരു കിളിവാതിൽ കൂടിയാണ്.

തൊട്ടുതാഴെ ഫാമിലി ലിവിങ്ങിലേക്ക് കടന്നാൽ കുറച്ചുകൂടി വിശാലമാണ് ആ ലോകം. കുടുംബത്തിലെ എല്ലാവർക്കും അടുത്തിടപഴകാനുള്ള ഒരു എന്റർടെയ്മെന്റ് ഏരിയയാക്കി അതിനെമാറ്റി. ടിവി യൂണിറ്റും ഘടിപ്പിച്ചിരിക്കുന്നതിവിടെയാണ്. സ്റ്റീൽ കമ്പികൾകൊണ്ട് ഗ്രില്ലുകൾ നൽകിയിരിക്കുന്നു. അതിനിടയിലൂടെ അകത്തേക്ക് പ്രവേശിക്കാം. ഫാമിലി ലിവിങ്ങ്, ചുമരുകൾ കൊണ്ട് മറയ്ക്കാതെ പൂർണ്ണസ്വതന്ത്രമാക്കി മാറ്റിയിരിക്കുകയാണ്. കിച്ചനിനെയും ഫാമിലി ലിവിങ്ങിനേയും തിരിച്ചുനിർത്തുന്ന വാളിന് ഗ്ലാസ് നൽകിയിരിക്കുന്നത് അടുക്കളയിൽ നിന്ന് ജോലിചെയ്യുന്നവർക്ക് ടി.വി. കാണുന്നതിനും കൂടി സഹായകമാകാനാണ്.







## പഴയ ടേബിൾ പുതിയ ഭാവത്തിൽ

ഇരുൾ തടിയിൽ തീർത്ത പഴയ ടേബിൽ തന്നെ ചെറിയ രൂപമാറ്റങ്ങളോടെ പുതിയ വീട്ടിലേക്ക് ഉപയോഗിക്കുകയാണ് ചെയ്തത്. ആവശ്യാനുസരണം തിരിക്കാവുന്ന ഗ്ലാസ്ടോപ്പും ആർട്ട് വർക്കും നൽകി ടേബിളിനെ പുതുപുത്തനാക്കി. ഡൈനിങ്ങ് ഏരിയയിലേക്ക് സ്കൈലൈറ്റ് നൽകിയിരിക്കുന്നത് കൂടുതൽ പ്രകാശം അകത്തുനിറയ്ക്കുന്നതിന് സഹായിച്ചിരിക്കുന്നു. ഡൈനിങ്ങിനോട് ചേർന്നുള്ള ചുമരിൽ ടൈലുകളുപയോഗിച്ച് ക്ലാഡിങ്ങ് ചെയ്തു. വിൻഡോയ്ക്ക് പകരം ചെറിയ രണ്ട് ഓപ്പണിങ്ങുകൾ നൽകി കാറ്റിനെ അകത്തേക്ക് കടത്തിവിടുന്നു.

## കളർതീമിൽ ബെഡ് റൂമുകൾ

ഓരോ ബെഡ് റൂമും വർണ്ണലോകമാണ് തുറന്നുകാട്ടുന്നത്. റെഡ്, ബ്ലൂ നിറങ്ങളിലാണ് ഓരോ ബെഡ് റൂമും ഒരുക്കിയിരിക്കുന്നത്. ലോ ഹൈറ്റ് ബെഡുകളോട് ചേർന്ന് നൽകിയിരിക്കുന്ന ഹെഡ് വാളാണ് ഓരോ റൂമിലേയും ആകർഷണകേന്ദ്രം. ഓരോ റൂമിലെയും തീം വ്യക്തമാക്കിത്തരുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതും ഈ കളേഡ് വാളാണ്. അകത്തെ ഏരിയ്ക്ക് വിട്രിഫൈഡ് ടൈലാണ് ഉപ

അധികവും. ഗ്രില്ലുകൾ പുറത്തേക്ക് നൽകിക്കൊണ്ട് ഗ്ലാസ് നൽകിയാണ് ഇവയുടെ നിർമ്മാണം. റെഡ്, ബ്ലൂ, മെറൂൺ എന്നീ നിറങ്ങൾ തിരഞ്ഞെടുത്താണ് ഓരോ ബെഡ്റൂമുകളും തയ്യാറാക്കിയത്. ഈ വീടിനകത്തെ മൂന്നു ബെഡ്റൂ













സ്റ്റെയറിൽ നിന്നും അപ്സ്റ്റെയറിലെത്തിയാൽ ലൈബ്രറി ഏരിയയാണ്. ഇതിനൊപ്പം സിറ്റിങ്ങ് സ്പേസും ഒരുക്കിയിട്ടുണ്ട്. ബാൽക്കണിയിൽ ആർട്ടിഫിഷ്യൽ ഗ്രാസ് കൊണ്ടൊരുക്കിയ ലാൻഡ്സ്കേപ്പിങ്ങ് സ്പേസ് ഒട്ടും കൃത്രിമത്വം തോന്നാത്ത രീതിയിലാണ്

മുകളും അകത്തള സജ്ജീകരണത്തിന്റെ കാര്യത്തിൽ ഒന്നിനൊന്ന് മെച്ചപ്പെട്ടതാണ്.

## ഐലന്റ് കിച്ചൺ

ഡൈനിങ്ങിൽ നിന്നും കിച്ചനിലേക്ക് നേരെ പ്രവേശിക്കാവുന്നതാണ്. ഐലന്റ് കിച്ചനാണിവിടുത്തെ പ്രത്യേകത. ചെറിയ ഒരു ബ്രേക്ക്ഫാസ്റ്റ് കൗണ്ടറും, മോഡേൺ ചെയറുകളും ഇവിടെ നൽകിയിട്ടുണ്ട്. കിച്ചണിന്റെ മധ്യഭാഗത്തായി ഹുഡും ഹോബും ക്രമീകരിച്ചു. മൂന്ന് ഭാഗവും ഗ്ലാസ് ബ്ലോക്ക് ചെയ്തുകൊണ്ട് ഇതിനകത്ത് ഗ്യാസ് സിലിണ്ടർ









വയ്ക്കാനുള്ള സൗകര്യം, സ്റ്റോറേജ് സ്പേസ് എന്നിവയാക്കി മാറ്റി. ഗ്രാനൈറ്റുകൊണ്ടാണ് കൗണ്ടർടോപ്പ് ചെയ്തിരിക്കുന്നത്. ഐവറി നിറത്തിലുള്ള കബോർഡുകളാണ് കിച്ചനിൽ നൽകിയിരിക്കുന്നത്. സ്റ്റോറേജിനും വർക്ക് ഏരിയക്കുമായി കിച്ചണിനോട് ചേർന്ന് ചെറിയ റൂം നൽകിയിട്ടുണ്ട്.

## സിംപിൾ & സ്റ്റൈലിഷ് സ്റ്റെയർകെയ്സ്

ലളിതം, സുന്ദരം എന്നു പറയുന്നതിന്റെ പ്രസക്തിയെ പൂർണ്ണമായും പിന്താങ്ങുന്നതാണ് ഇവിടുത്തെ സ്റ്റെയർകെയ്സിന്റെ ഡിസൈൻ. കംപ്ലീറ്റ് കാന്റിലിവേർഡ് ആയ ഈ







സ്റ്റെയർകെയ്സിനു താഴെയായി ഒരു കൊച്ചു കോർട്ട് യാർഡുണ്ട്. വൈറ്റ് ആന്റ് ബ്ലാക്ക് നിറത്തിലുള്ള പെബിൾസാണ് ഇവിടെ വിരിച്ചിരിക്കുന്നത്. സ്റ്റെൻലെസ് സ്റ്റീലിന്റെ ഒരു സിംപിൾ ഹാൻഡ്റെയിലും ചുമരിൽ ഘടിപ്പിച്ചിട്ടുണ്ട്. സ്റ്റെയറിനു താഴെ വാഷ് ഏരിയയും അയണിങ്ങ് ഏരിയയുമാണ്. ഇതിനുതാഴെ ഇൻവെർട്ടർ, സ്റ്റെബിലൈസർ തുടങ്ങിയവ വയ്ക്കാനുള്ള ഒരു സ്പേസാക്കി കബോർഡുകളെ മാറ്റി.

സ്റ്റെയറിൽ നിന്നും അപ്സ്റ്റെയറിലെത്തിയാൽ ലൈബ്രറി ഏരിയയാണ്. ഇതിനൊപ്പം സിറ്റിങ്ങ് സ്പേസും ഒരുക്കിയിട്ടുണ്ട്. ബാൽക്കണിയിൽ ആർട്ടിഫിഷ്യൽ ഗ്രാസ് കൊണ്ടൊരുക്കിയ ലാൻഡ്സ്കേപ്പിങ്ങ് സ്പേസ് വായനയ്ക്ക് കൂടുതൽ ഉണർവ്വ് നൽകുന്നു.

ആദ്യനിർമ്മിതികൊണ്ട് തന്നെ ഈ കരിയറിലെ വിജയമുറപ്പിച്ച ആർക്കിടെക്റ്റ് വിനയ് മോഹന് തന്നെ സമീപിക്കുന്ന ക്ലൈന്റുകൾക്ക് തുറന്നുകാട്ടാവുന്ന മികച്ച പ്രൊജക്റ്റുകളിൽ ഒന്നാണ് സ്വന്തം വീട്.

